# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1712**

**21-01-2014 ൽ മറുപടിയ്ക്ക്**

## നെല്ല് സംഭരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പുവർഷം നാളിതുവരെ എത്ര ടൺ നെല്ല് സംഭരിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | 2013-14 ഒന്നാം സീസണിൽ നാളിതുവരെ 134958 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | : 212 മെട്രിക് ടൺ |
| കൊല്ലം | : 40 മെട്രിക് ടൺ |
| പത്തനംതിട്ട | : - |
| കോട്ടയം | : 12896 മെട്രിക് ടൺ |
| ഇടുക്കി | : - |
| ആലപ്പുഴ | : 34530 മെട്രിക് ടൺ |
| എറണാകുളം | : 210 മെട്രിക് ടൺ |
| തൃശ്ശൂർ | : 1026 മെട്രിക് ടൺ |
| പാലക്കാട് | : 85958 മെട്രിക് ടൺ |
| മലപ്പുറം | : 13 മെട്രിക് ടൺ |
| കോഴിക്കോട് | : - |
| വയനാട് | : - |
| കണ്ണൂർ | : 14 മെട്രിക് ടൺ |
| കാസർഗോഡ് | : 59 മെട്രിക് ടൺ |
| ആകെ | : **134958** മെട്രിക് ടൺ |

| | | | |
|---|---|---|---|
| (ബി) | ഇതിനായി കർഷകർക്ക് എത്ര തുക നൽകേണ്ടതുണ്ട്; എത്ര തുക നാളിതുവരെ നൽകി; വ്യക്തമാക്കുമോ; | (ബി) | 134958 മെട്രിക് ടൺ നെല്ലിന്റെ വിലയായ 242.92 കോടി രൂപയാണ് കർഷകർക്ക് നൽകേണ്ടത്. 10/01/2014 വരെ പേയ്മെന്റ് ഓഫീസുകളിൽ കർഷകർ ഹാജരാക്കിയിട്ടുള്ള എല്ലാ പാഡി റസീപ്റ്റ് ഷീറ്റുകൾക്കുമായി 239.90 കോടി രൂപ നൽകിയിട്ടുള്ളതായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംഭരണത്തിനായി നെല്ല് നൽകിയശേഷം നാളിതുവരെ പണം ലഭിക്കാത്ത എത്ര നെൽക്കർഷകർ ഉണ്ടെന്നും ഏതെല്ലാം സംഭരണ കേന്ദ്രങ്ങളിൽ നെല്ല് നൽകി എന്നും ജില്ല തിരിച്ച വ്യക്തമാക്കുമോ; | (സി) | കോട്ടയം ഒഴികെ മറ്റെല്ലാ ജില്ലകളിലേയും കർഷകർക്ക് നെല്ലിന്റെ വില സപ്ലൈകോ നൽകി കഴിഞ്ഞതായും കോട്ടയം ജില്ല യിൽ 2013-14 ഒന്നാം സീസണിലെ നെല്ല് സംഭരണം ഇപ്പോഴും തുടരുന്നതിനാൽ ഇനിയും കുറച്ച് പാഡി റസീപ്റ്റ് ഷീറ്റുകൾ കൂടി കർഷകർ ഹാജരാക്കുവാനുണ്ട്. ഇത് ഹാജരാക്കുന്ന മുറയ്ക്ക് ആയതിന്റെ തുക നൽകുന്നതാണ് എന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. |
| (ഡി) | ഇവർക്ക് നിലവിലെ നിയമപ്രകാരം എത്ര ദിവസത്തിനകം പണം നൽകേണ്ടതുണ്ട് എന്നും ഇത് പാലിക്കാത്ത ഉദ്യോഗസ്ഥർ ആരെല്ലാമെന്നും ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു വെന്നും എപ്പോൾ ഇവർക്ക് പണം നൽകുമെന്നും വ്യക്തമാക്കുമോ; | (ഡി) | നിലവിൽ പേയ്മെന്റ് ഓഫീസുകളിൽ ലഭിക്കുന്ന പാഡി റസീപ്റ്റ് ഷീറ്റുകൾ വെരിഫിക്കേഷൻ നടത്തി നെല്ലിന്റെ വില കർഷകന്റെ വ്യക്തിഗത ബാങ്ക് അക്കൗണ്ടി ലേയ്ക്ക് രണ്ടാഴ്ചയ്ക്കുള്ളിൽ മാറ്റുന്നതാണ് എന്നും കഴിഞ്ഞ വർഷം മുതൽ സപ്ലൈകോ സംഭരിക്കുന്ന നെല്ലിന്റെ വില സമയ ബന്ധിതമായി കർഷകർക്ക് നൽകുവാ നായി സപ്ലൈകോയും പൊതുമേഖലാ ബാങ്കുകളുമായി ധാരണ പത്രം ഉണ്ടാക്കു കയും ഇത് പ്രകാരം കർഷകർ ഹാജരാ ക്കുന്ന പാഡി റസീപ്റ്റ് ഷീറ്റ് സ്വീകരിച്ച് ടി ബാങ്കുകളിൽ നെല്ലിന്റെ വില കർഷകരുടെ അക്കൗണ്ടിലേയ്ക്ക് മൂന്നു ദിവസത്തിനകം മാറ്റുകയും ചെയ്തുവരുന്നു. ആയതിനാൽ പൂർണ്ണ വിവരങ്ങളോടുകൂടി പേയ്മെന്റ് ഓഫീസിൽ അയച്ചിട്ടുള്ള പാഡി റസീപ്റ്റ് ഷീറ്റുകളുടെ നെല്ലുവില താമസമില്ലാതെ നൽകുന്നുണ്ട്. പാഡി റസീപ്റ്റ് ഷീറ്റ്, ബാങ്ക് അക്കൗണ്ട് എന്നിവയിൽ തെറ്റുകൾ വരുന്ന ചില സന്ദർഭങ്ങളിൽ മാത്രമാണ് നെല്ലിന്റെ വില നൽകുന്നതിൽ കാലതാമസം വരുന്നതെന്നും സിവിൽ സപ്ലൈസ് അറിയിച്ചിട്ടുണ്ട്. |
| (ഇ) | നെൽകൃഷിയ്ക്ക് വേണ്ട സഹായം ലഭ്യമാക്കുവാനും ഉല്പാദിപ്പിക്കുന്ന നെല്ല് യഥാ സമയം സംഭരിക്കുന്നതിനും, ആയതിന് യഥാസമയം പണം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തു ന്നതിനും വേണ്ടി ഒരു നെൽ ക്കർഷക കമ്മീഷൻ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | സംസ്ഥാനത്ത് നെൽകൃഷി സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും പാഡി ബോർഡ് നിലവിലുള്ളതിനാൽ നെൽ കർഷക കമ്മീഷൻ രൂപീകരിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ